*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 49 B

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**നവംബർ 14, 2023**

# ശ്രീ സായീശുനി ചരിത്ര

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

ഇന്ന് നമ്മൾ അറിയാൻ പോകുന്നത് ബാബയെക്കുറിച്ച് എഴുതപ്പെട്ട ആദ്യത്തെ ഗ്രന്ഥത്തെപ്പറ്റിയാണ്, അവിടുത്തെതന്നെ അധ്യാപകൻ രചിച്ചത്.

അക്കാലത്ത്, ഭക്തർ വളരെ കുറച്ചു മാത്രം ഉണ്ടായിരുന്നതിനാൽ, സ്വാമി എവിടൊക്കെ പോകുന്നുവോ-ബാംഗ്ലൂരിലോ കമലാപുരത്തോ അല്ലെങ്കിൽ ചിത്രാവതിയുടെ കരയിലോ എവിടെയായാലും, ഭക്തർ ആഗ്രഹിക്കുന്നതെന്തും അവിടുന്ന് അനുവദിക്കുമായിരുന്നു. അബ്ബയ്യ മക്കളില്ലാത്ത ഭക്തനായിരുന്നു, സന്താനഭാഗ്യത്തിനായി അദ്ദേഹം സദാ സ്വാമിയോട് പ്രാർത്ഥിക്കും. അതെ! അദ്ദേഹത്തിന്റെ അഭിലാഷം സാധിക്കപ്പെട്ടു. ഇനി, മറ്റാരോ ആവശ്യപ്പെട്ടു, “സ്വാമീ, എന്റെ ബോസിന്റെ വയറുവേദന സുഖപ്പെടുത്തേണമേ.” അതെ! അവിടുന്ന് അയാൾക്കുവേണ്ടി ഒരു യന്ത്രം സൃഷ്ടിച്ചു, അത് അയാൾക്ക് സൗഖ്യമേകി.



നികം എന്നു പേരുള്ള ഒരു അയൽക്കാരന്റെ വീട്, അയാൾ പുട്ടപർത്തിയിലായിരിക്കുമ്പോൾ കള്ളന്മാർ കവർച്ച ചെയ്തപ്പോൾ, ബാബ അയാളോടു പറയുകയുണ്ടായി, “നിന്റെ ബാംഗ്ലൂരിലെ വീട് കുത്തിത്തുറക്കപ്പെട്ടു. പേടിക്കേണ്ട, ഞാനത് നോക്കിയിട്ടുണ്ട്, അതിന്റെ ഫലമായി, ഒന്നും നഷ്ടപ്പെട്ടിട്ടില്ല.”

ഇക്കാലത്ത്, താൻ സമാധി പ്രാപിക്കുമെന്നും അതിനുശേഷം വീണ്ടും കർണാടക സംസ്ഥാനത്തിലെ മൈസൂരിനടുത്തുള്ള മാണ്ഡ്യയിൽ വീണ്ടും ജനിക്കുമെന്നും അവിടുന്ന് എല്ലാവരോടും പറയുന്നുണ്ടായിരുന്നു. എല്ലാ ഭക്തരും അപ്പോൾ പറയും, “സ്വാമീ, ഞങ്ങൾക്ക് അവിടുന്നിനെ വിട്ടു പോകാൻ ആഗ്രഹമില്ല. അവിടുന്നിനൊപ്പം താമസിക്കാനാണ് ഞങ്ങൾക്ക് ആഗ്രഹം. അത്ര മാത്രം! ഞങ്ങൾ ഒരിക്കലും അവിടുന്നിനെ വിട്ടു പോകില്ല!” ഇതാണ് അവർ പറഞ്ഞത്.




ഈ ആളുകൾ പുട്ടപർത്തിയിൽനിന്നും ബാംഗ്ലൂരിലേക്ക് തിരിച്ചുപോകുന്നത് സ്വാമിയും ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. അവർ അവിടെ തങ്ങണമെന്നാണ് അവിടുന്ന് ആഗ്രഹിച്ചിരുന്നത്. ചിലപ്പോൾ അവർ തിരിച്ചുപോകാറാവുമ്പോൾ അവിടുന്ന് കണ്ണീർ പൊഴിക്കുകയും ചെയ്യും. അത്തരത്തിലായിരുന്നു സ്വാമിക്ക് അവിടുത്തെ ഭക്തരുടെ നേർക്കുണ്ടായിരുന്ന ബന്ധനം.

യജമാൻ നാരായണപ്പയ്ക്ക് മാതാപിതാക്കളുണ്ടായിരുന്നില്ല. അദ്ദേഹം ബാബയെ അത്യധികം സ്നേഹിച്ചിരുന്നു, ബാബയ്ക്കൊപ്പം എപ്പോഴും ഉണ്ടാവണമെന്നും അവിടുത്തെ ശിഷ്യനാവണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അദ്ദേഹം പുട്ടപർത്തിയിൽ താമസിക്കുന്നതിന് ആഗ്രഹിച്ചിട്ട് തന്റെ സ്വത്തുവകകളൊക്കെ കൊടുത്തു. വാസ്തവത്തിൽ, ഹിന്ദുപ്പൂരിലേക്കുള്ള ട്രെയിൻ കയറുന്നതിനായി റെയിൽവേ സ്റ്റേഷനിലേക്ക് ആരോ ആണ് അദ്ദേഹത്തെ അനുഗമിച്ചത്.

അദ്ദേഹത്തിന്റെ ചില ബന്ധുക്കൾ കരഞ്ഞു. തമാശയായി, അദ്ദേഹത്തിന്റെ സുഹൃത്തുക്കളിലൊരാൾ പറഞ്ഞു, “എന്തിനാണ് നിങ്ങൾ കരയുന്നത്? കരയാതിരിക്കൂ! അദ്ദേഹം 8 ദിവസത്തിനകം നമ്മുടെ അടുത്തേക്ക് തിരിച്ചുവരും! നാരായണപ്പ 8 ദിവസത്തിനകം മടങ്ങിപ്പോരും!” അതായിരുന്നു അയാൾ പറഞ്ഞത്. എത്ര പ്രവചനാത്മകമായ പ്രസ്താവമായിരുന്നു അതെന്നോ!

നാരായണപ്പ പുട്ടപർത്തിയിൽ എത്തി ഏതാനും ദിവസങ്ങൾ തങ്ങി. ബാബ എന്നിട്ട് അദ്ദേഹത്തെ ഏതാനും ദിവസത്തേക്ക് മദ്രാസിലേക്ക് കൂട്ടിക്കൊണ്ടുപോയി, 9-ാമത്തെ ദിവസം അദ്ദേഹത്തെ ബാംഗ്ലൂരിലെ സ്വന്തം വീട്ടിലാക്കി!

ഏതാനും മാസങ്ങൾക്കകം, അദ്ദേഹത്തിന്റെ അമ്മാവനായ രംഗണ്ണ ദേഹം വെടിഞ്ഞു. നാരായണപ്പയും അദ്ദേഹത്തിന്റെ രണ്ടാമത്തെ അമ്മാവനും ബാബയുടെ സമീപം ചെന്നു. രണ്ടാമത്തെ അമ്മാവന്റെ പേര് തങ്കവേലു മുതലിയാർ എന്നാണ്. ഇവർ രണ്ടുപേരും കൂടി രണ്ടാമത്തെ അമ്മാവനായ രംഗണ്ണയെ ജീവിപ്പിക്കണമെന്ന് സ്വാമിയോട് അപേക്ഷിച്ചു.

ബാബ മറുപടി പറഞ്ഞു, "ഞാനും നിങ്ങളെപ്പോലെയാണ്. നിങ്ങൾക്ക് അയാൾക്ക് ജീവൻ കൊടുക്കാൻ പറ്റില്ലെങ്കിൽ, എനിക്കെങ്ങനെ കഴിയും?" ഈ സംഭാഷണം ചവർപ്പുള്ളതായിത്തീർന്നു, അവർ അനാവശ്യമായ പല ചോദ്യങ്ങളും ഉന്നയിച്ചു, ബാബയുമായി വഴക്കിട്ട് സ്ഥലം വിട്ടു. അവർക്ക് ബാബയോട് ഭക്തിയും വിശ്വാസവും ഉണ്ടായിരുന്നു എന്നാൽ, എന്താണ് ചെയ്യേണ്ടതെന്ന് ബാബയ്ക്ക് എല്ലായ്പോഴുമറിയാം.

ഞങ്ങൾ മുമ്പ് ചിത്രാവതി കുന്നുകളിലായിരുന്നപ്പോൾ, ഞങ്ങൾ 5 പേരും സത്യസന്ധമായ ജീവിതം നയിക്കുമെന്നും വ്യാഴാഴ്ചകളിൽ മട്ടൺ കഴിക്കുന്നത് ഒഴിവാക്കുമെന്നും പ്രതിജ്ഞയെടുത്തിരുന്നു. സ്വാമിയുടെ അടുത്തു ചെന്നവരാരോ എടുത്ത പ്രതിജ്ഞയായിരുന്നു ഇത്. സുഹൃത്തുക്കൾ ബാബയോട് മോശമായി പെരുമാറി, അവരുടെ പേരിൽ ഓരോരുത്തർക്കും വല്ലായ്മ തോന്നി. ഇനി, എന്താണ് നടന്നതെന്ന് കണ്ടോളൂ! 1995 വരെ അവർക്ക് അവിടുന്നിനെ മുഖം കാണിക്കാനായില്ല. അപ്പോൾ മാത്രമാണ് അവർക്ക് അവിടുന്നിനെ കാണാനായത്. അത്രമാത്രം! അപ്പോൾ, സ്വാമി നിങ്ങൾക്കൊരു അവസരം തരും, നിങ്ങളത് ദുരുപയോഗം ചെയ്താൽ നിങ്ങൾക്ക് നീണ്ട, നീണ്ട ശിക്ഷയാവും കിട്ടുക.

ശേഷമ്മ രാജു ഭഗവാന്റെ സഹോദരനാണ്, നിങ്ങൾക്കറിയാം. ശേഷമ്മ രാജുവിന്റെ അളിയനായ പശുപതി രാമ രാജു, അദ്ദേഹത്തിന്റെ സുഹൃത്തായ ജി.സുബ്ബണ്ണ ഇവർ കമലാപുരംകാരാണ്. അവർ ബാബയുടെ അത്ഭുതകൃത്യങ്ങളെപ്പറ്റി കേട്ടിട്ട് ഏതാനും തവണ പുട്ടപർത്തി സന്ദർശിക്കുകയുണ്ടായി. അവർ കമലാപുരത്ത് തിരിച്ചുചെന്നപ്പോൾ അവരുടെ സുഹൃത്തുക്കളോടും ബന്ധുക്കളോടും ബാബയുടെ അത്ഭുതലീലകൾ പങ്കു വയ്ക്കുകയു

ണ്ടായി. ഓരോരുത്തരും ചിത്രാവതി നദിക്കരയിലെ അവിടുത്തെ സൃഷ്ടികളെക്കുറിച്ചാണ് സംസാരിച്ചിരുന്നത്. ധാരാളം ആളുകൾ പരിഹസിച്ചു, സത്യനാരായണൻ എന്ന ഈ കൊച്ചുപയ്യന് എന്തു ചെയ്യാനാവുമെന്ന് അവർ ചോദ്യം ചെയ്തു.

ബാബ അസാധാരണനും ശക്തനുമാണെന്ന് തെളിയിക്കുന്നതിലേക്കായി, രാമ രാജുവും സുബ്ബണ്ണയും അവിടുന്നിനെ കമലാപുരത്തേക്ക് കൂട്ടിക്കൊണ്ടുപോയി. അവർ സ്വാമിയെ കമലാപുരത്തേക്ക് കൊണ്ടുപോയത് 1945-ലാണ്. ഒരു കാളവണ്ടിയിൽ ഘോഷയാത്ര യായി അവർ അവിടുന്നിനെയും കൂട്ടി തെരുവ് ചുറ്റി. അവിടുന്ന് മൂന്ന് ദിവസം സു ബ്ബണ്ണയുടെ ഭവനത്തിൽ തങ്ങി. അവിടെ തങ്ങിയ കാലയളവിൽ, രാമ രാജുവിന്റെയും എൻ.വി.നരസിംഹുലുവിന്റെയും ഗൃഹങ്ങളിൽ ഭജന നടത്തപ്പെട്ടു.

അവിടുത്തെ വ്യക്തിത്വത്താലും അവിടുത്തെ പ്രേമത്താലും വശീകരിക്കപ്പെട്ടിട്ട്, ആളുകൾ അവരുടെ വിമർശനം മാറ്റിവച്ചിട്ട് കൂട്ടത്തോടെ പങ്കുകൊണ്ടു. ബാബ തന്റെ ഗൃഹം സന്ദർശിച്ചതിന്റെ വിശദാംശങ്ങളെപ്പറ്റി പിൽക്കാലത്ത് നരസിംഹുലു സ്മരിക്കാറുണ്ടായിരു ന്നു. സ്വാമി ഇരുന്ന സ്ഥലം, ഭജന നടന്ന സ്ഥലം ഒക്കെ അദ്ദേഹം കാണിച്ചുതരും. അത് ആ ദിവസങ്ങളിൽ ഓരോരുത്തർക്കും ഉണ്ടായിരുന്ന കോരിത്തരിപ്പിക്കുന്ന ആവേശാനു ഭവമായിരുന്നു.

ബാബ ഷിർദ്ദി സായിയുടെ ഒരു ഫോട്ടോ കൊണ്ടുവന്നു, ആദ്യമേ തറയൊക്കെ ശുദ്ധമാക്കി. ഭജന നടക്കുമ്പോൾ അവിടുന്ന് കണ്ണുകളടച്ച് വരികളിൽ മുഴുകി ഇരുന്നു. ഭജനയ്ക്കു ശേഷം ബാബ ആരതിയെടുത്തു, പൂജ നടത്തി. ഈ സന്ദർശന വേളയിൽ അവിടുന്ന് വിഭൂതിയും കാഷായ വസ്ത്രത്തിന്റെ ഒരു കഷണവും സൃഷ്ടിക്കുകയും അത് കമലാപുരത്തെ കുറച്ചു പേർക്ക് നൽകുകയും ചെയ്തു. കമലാപുരത്ത് ചെന്നിട്ട് അവിടുന്ന് ചെയ്ത കാര്യങ്ങൾ ഇതൊക്കെയാണ്.




ബുക്കപട്ടണം സ്കൂളിലെ ബാബയുടെ അധ്യാപ കനായിരുന്ന വി.സി. കൊണ്ടപ്പയാണ് ശ്രീ സത്യസായി ബാബയെക്കുറിച്ച് തെലുങ്കിൽ ആദ്യത്തെ പുസ്തകമായ 'ശ്രീ സായീശുനി ചരിത്ര' രചിച്ചത്. പുസ്തകത്തിന്റെ കവിതാമയമായ ഉള്ളടക്കം ബാബയിൽനിന്നുതന്നെ വാങ്ങാനുള്ള ഭാഗ്യം അദ്ദേഹത്തിനു

ണ്ടായി. പുട്ടപർത്തിയിൽ ഒരു രാത്രി ഒറ്റയ്ക്ക് തങ്ങുന്നതിനായി ബാബ അദ്ദേഹത്തോട് നിർദ്ദേശിച്ചു, അന്ന് ഷിർദ്ദി സായിയുടെ 16 വർഷത്തെ ജീവചരിത്രവും അതുപോലെ സ്വന്തം ജീവിതത്തിന്റെ വിശദാംശങ്ങളും അവിടുന്ന് വിശദീകരിച്ചു കൊടുക്കുകയുണ്ടായി. ആ രാത്രി, കൊണ്ടപ്പയ്ക്ക് ഷിർദ്ദി സായിയുടെ ഒരു ദർശനവുമുണ്ടായി.

മറ്റൊരു അധ്യാപകനായ ബി.സി.സുബ്ബണ്ണാചാർ, കൊണ്ടപ്പ രചിച്ച പുസ്തകത്തിന് അവ താരിക എഴുതിയ ആൾ, ആയിരുന്നു ഭഗവാന്റെ മറ്റൊരു അധ്യാപകൻ. ഇവർ പിൽക്കാലത്ത്, സ്വാമിയെക്കുറിച്ചും ഷിർദ്ദി സായിയുടെ പേർക്കുള്ള അവിടുത്തെ ഭക്തിയെ കുറിച്ചും കേട്ടിട്ട്, സ്വാമിയെ കാണാൻ വളരെ കുതുകികളായിരുന്നു. സുബ്ബണ്ണാചാരുടെ ആദ്യധാരണ, ബാബ വലിയ ഒരു ഈശ്വരഭക്തനാണ് എന്നായിരുന്നു. ഇടയ്ക്കിടെയുള്ള പുട്ടപർത്തി സന്ദർശനങ്ങളുടെ ഫലമായി, ബാബ ഒരു സാധാരണ ബാലനല്ലെന്നും, ദിവ്യ ഈശ്വരശക്തിയാൽ അനുഗ്ര ഹിക്കപ്പെട്ടവനാണെന്നും സുബ്ബണ്ണാചാർക്ക് ബോധ്യ പ്പെടുകയുണ്ടായി. താൻ നിശ്ചയമായും ഷിർദ്ദിയിലെ സായി ബാബയുടെ അവതാരമാണെന്ന് കൊണ്ടപ്പയോടും സുബ്ബണ്ണാചാരോടും താമസിയാതെ ബാബ വെളിപ്പെടുത്തുകയുണ്ടായി.



വി.സി.കൊണ്ടപ്പ ബാബയോട് ആരാഞ്ഞു, ‘‘നീ എല്ലാവരോടും പറയുന്നത് നീ ഷിർദ്ദി ബാബ പുനർജനിച്ചതാണെന്നാണ്. തെളിവെന്താണ്? ഞാൻ നിന്നെപ്പറ്റി ഒരു പുസ്തകം എഴുതുന്നതിനു മുമ്പ്, എനിക്കിതറിയണം.’’ അവിടുത്തെ വ്യക്തിത്വം അവരോട് വെളിപ്പെ ടുത്താൻ ബാബ സമ്മതിച്ചത് അപ്പോഴാണ്.

ഇതിനു ശേഷം പല ഭക്തരും ഈ ദർശനത്തിനായി പ്രാർത്ഥിച്ചിട്ടുണ്ട്, പക്ഷേ ബാബ മറു പടി പറയും, ‘‘അത് ഓരോരുത്തർക്കും നൽകാനാവില്ല. ഇതിനൊരു പ്രത്യേക കാരണ മുണ്ട്!’’

ബാബ ഈ പുസ്തകം തയ്യാറാക്കുന്നതിൽ വലിയ താത്പര്യമെടുത്തു. പുസ്തകം പ്രസി ദ്ധീകരിക്കപ്പെട്ടതിനു ശേഷം, ബാബ എം.എൽ.ലീലയോട് ചിത്രാവതി നദീതടത്തിൽവച്ച് അവിടുത്തെ സാന്നിധ്യത്തിൽ ആ പുസ്തകം വായിക്കുന്നതിന് ആവശ്യപ്പെട്ടു. ‘ഷിർദ്ദി

സായി ബാബ ഇപ്പോൾ ശ്രീ സത്യ സായി ബാബയായി പുനർജ്ജനിച്ചിരിക്കുന്നു' എന്ന വാചകം വായിക്കുമ്പോൾ, ബാബയുടെ രൂപം ഷിർദ്ദി സായി ബാബയുടേതായി മാറി.

അവിടെ കൂടിയിരുന്നവരിൽ നിന്ന്, അവളുടെ പിതാവായ ലോകനാഥ മുതലിയാർ, ആർത്തുവിളിച്ചുകൊണ്ട് എണീറ്റു, "ഹേ സായി! ഹേ സായി!" അദ്ദേഹത്തിന് തന്റെ അത്യാനന്ദം നിയന്ത്രിക്കാനായില്ല. അദ്ദേഹത്തിന് തന്റെ വികാരവിക്ഷോഭം അടക്കാനായി



ല്ല! അദ്ദേഹം താനേ നൃത്തം വച്ചുകൊണ്ട് ബാബയുടെ അടുത്തേക്ക് ചെന്ന് ബാബയെ മുറുകെ ആശ്ലേഷിച്ചു. മുതലിയാരുടെ ആ പിടുത്തത്തിൽനിന്ന് സ്വയം മുക്തനാവാൻ ബാബ നന്നേ പണിപ്പെട്ടു. അവിടുത്തെ രൂപം വീണ്ടും മാറുന്നതുവരെ, അവിടുന്ന് സാധാരണ രൂപത്തിലേക്ക് തിരിച്ചുവരുന്നതുവരെ, അദ്ദേഹം ബാബയെ വിട്ടില്ല!

നിരവധി വർഷങ്ങളായി, 'ശ്രീ സായീശുനി ചരിത്ര' ബാബയുടെ ജീവചരിത്രങ്ങളിൽവച്ച് ഏറ്റവും ആധികാരികമായത് ആയിരുന്നു. 'സത്യം ശിവം സുന്ദരം' എന്ന ജീവചരിത്രത്തിനായി ധാരാളം വിവരങ്ങൾ അദ്ദേഹവും ഈ പുസ്തകത്തിൽനിന്ന് ഗ്രഹിച്ചിട്ടുള്ളതായി എൻ. കസ്തൂരി സൂചിപ്പിക്കുന്നു.

പിന്നീട്, 1944 സെപ്തംബറിൽ, സായി ബാബ ചരിത്രനഗരമായ മൈസൂർ ആദ്യമായി സന്ദർശിക്കുകയുണ്ടായി. രാജകീയ ദസറാ ഉത്സവം കാണുന്നതിനും പ്രസിദ്ധമായ കണ്ണംപാടി ഡാം( പിൽക്കാലത്തെ കൃഷ്ണരാജസാഗർ ഡാം) സന്ദർശിക്കുകയുമായിരുന്നു ബാബയുടെ പ്രഥമോദ്ദേശ്യം. അവിടുന്ന് മൂന്നു ദിവസം മൈസൂരിൽ തങ്ങി, നാലാമത്തെ ദിവസം തിരികെ പോയി.



1944 സെപ്തംബറിലെ വിജയദശമിക്ക്, മൈസൂറിലെ കണംബരിയിൽ ഉള്ള ഗോപാൽ റാവുവിന്റെ മകളായ സുമിത്രാമ്മയുടെ വിവാഹത്തിന് പങ്കെടുക്കുന്നതിനായി ബാബ ക്ഷണിക്കപ്പെട്ടു. കുറച്ച് ഭക്തരുമായി ബാബ അവിടെ പോവുകയുണ്ടായി.



ബാബയുടെ സംഘത്തിലെ പല സ്ത്രീകളും ആഭരണഭൂഷിതരായിരുന്നു. സുമിത്രയുടെ കുടുംബം ദരിദ്രമായിരുന്നതു കാരണം വധുവിനായി സ്വർണാഭരണങ്ങളൊന്നും വാങ്ങാനുള്ള ശേഷിയില്ലാത്തതായിരുന്നു. സാഹചര്യം കണ്ടിട്ട്, സ്ത്രീകൾ അവരുടെതന്നെ ആഭരണങ്ങൾകൊണ്ട് വധുവിനെ അണിയിച്ചൊരുക്കി. ബാബയുടെ സംസർഗം കാരണം അവർ അവരുടെ ആഭരണങ്ങൾ പങ്കു വയ്ക്കുന്നതിന് പ്രചോദിതരാവുകയായിരുന്നു, ബാബ ആ അവസരത്തിൽ ഒരു താലി സൃഷ്ടിച്ച് വധുവിന് സമ്മാനിച്ചു. ഭാഗ്യവതിയായ ആ സ്ത്രീ ആ ദിവസത്തെ സംഭവങ്ങൾ സ്മരിക്കുന്നു:



"സ്വാമി മറ്റേതൊരു സാധാരണ ബാലനെയും പോലെയായിരുന്നു, വളരെ തമാശകളും കളിയുമൊക്കെയായി. വിവാഹപ്പാർട്ടിയിൽ എല്ലാവർക്കും ക്ഷണനേരത്തിൽ അവിടുന്നിനെ ഇഷ്ടമായി. സ്വാമി അവിടെയുള്ള വെള്ള ഭിത്തിമേൽ അവിടുത്തെ കൈകൾ ഉപയോഗിച്ച് മൃഗങ്ങളുടെയും പക്ഷികളുടെയൊക്കെ ഒരു നിഴൽനാടകം അവതരിപ്പിച്ചു. ആളുകൾ, പ്രത്യേകിച്ച് കുട്ടികൾ, അത് വളരെയധികം ആസ്വദിച്ചു.



"എന്റെ വിവാഹസമയത്ത് മുത്തശ്ശിയായ തുളസമ്മയ്ക്ക് 80 വയസ്സുണ്ടായിരുന്നു. വിട്ടുമാറാത്ത കഠിനമായ തലവേദന അവരെ വളരെയധികം പീഢിപ്പിച്ചിരുന്നു. ആദ്യ ദിവസം, സ്വാമി വിവാഹച്ചടങ്ങിന് എത്തിയപ്പോൾ, അവിടുന്ന് വിവാഹ ഹാളിൽ ഇരുന്നു. ആദ്യമൊക്കെ ഈ പയ്യൻ ആരാണെന്ന് പല ആളുകൾക്കും അറിയില്ലായിരുന്നു, അവനെപ്പറ്റി കൂടുതലൊന്നും അവരെ അലട്ടിയില്ല. പെട്ടെന്ന് അവളുടെ മുത്തശ്ശി ആ പയ്യന്റെ, സ്വാമിയുടെ, നേർക്ക് ഓടിച്ചെന്ന് അവന്റെ ഇളം കാലുകൾ മുറുകെ പിടിച്ചു. അത് പലരെയും അമ്പരപ്പിച്ചു-80 വയസ്സുള്ള ഒരു സ്ത്രീ ഒരു പയ്യന്റെ കാലു പിടിക്കുക!"

"എന്റെ മുത്തശ്ശി കരയുകയായിരുന്നു! സ്വാമി അവരുടെ തലവേദന എടുത്തുമാറ്റി. ആദ്യം അവിടുന്ന് തന്റെ രണ്ടു കൈകൾ കൊണ്ടും അവരുടെ ശിരസ്സിൽ സ്പർശിച്ചു, പിന്നെ ശിരസ്സു മുഴുവനും മൃദുവായി ഉഴിഞ്ഞു." അപ്പോൾ മുതൽക്ക്, അവളുടെ മുത്തശ്ശിക്ക് തലവേദന ഉണ്ടായിട്ടേയില്ല!

അപ്പോൾ, മൈസൂരിൽ നടന്ന കാര്യങ്ങൾ ഇവയാണ്. സായി ബാബയെക്കുറിച്ചുള്ള ആദ്യ പുസ്തകത്തിന്റെ, അവിടുത്തെ അധ്യാപകനായിരുന്ന വി.സി.കൊണ്ടപ്പ രചിച്ച 'ശ്രീ സായീശുനി ചരിത്ര'ത്തിന്റെ പ്രസിദ്ധീകരണവിവരം നിങ്ങളുമായി പങ്കുവയ്ക്കണമെന്നാണ് ഞാൻ ഉദ്ദേശിച്ചത്.

നമുക്ക് അടുത്ത വേള കാണാം, നിങ്ങളുടെ സമയത്തിന് നന്ദി!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)